
# CURRENT AFFAIRS 30 MAY 2025







നിക് ഉട്ട്



ആഷാ മേനോൻ







**‘നാപാം ഗേൾ’ എന്ന ഫോട്ടോയുടെ ക്രെഡിറ്റ് പേരിൽ നിന്ന് ഒഴിവാക്കപ്പെട്ട പ്രശസ്ത ഫോട്ടോഗ്രാഫർ**

നിക് ഉട്ട്

- വിയറ്റ്നാം യുദ്ധത്തിനിടെ ബോംബേറിൽ വിറങ്ങലിച്ച് അലറിക്കരഞ്ഞ് നഗ്നയായി ഓടിവരുന്ന പെൺകുട്ടിയുടെ ചിത്രമാണ് ‘നാപാം ഗേൾ’.
- യുഎസ് വാർത്താ ഏജൻസിയായ എപിയുടെ ഫോട്ടോഗ്രാഫറായിരുന്ന നിക് ഉട്ടിന് 1973-ൽ വേൾഡ് പ്രസ് ഫോട്ടോ ഓഫ് ദ ഇയർ നേടിക്കൊടുത്ത ചിത്രമാണ് ‘നാപാം ഗേൾ’.
- ചിത്രമെടുത്തത് നിക് ഉട്ട് അല്ലെന്ന വിവാദത്തിന്റെ പശ്ചാത്തലത്തിൽ നടത്തിയ അന്വേഷണത്തെ തുടർന്നാണ് വേൾഡ് പ്രസ് ഫോട്ടോ സംഘടന ഫോട്ടോയുടെ ക്രെഡിറ്റ് പേരിൽ നിന്ന് നിക് ഉട്ടിനെ ഒഴിവാക്കിയത്.

---

**കലാസാഹിത്യ വേദിയുടെ നാലാമതു മാടമ്പ് കുഞ്ഞിക്കുട്ടൻ സ്മാരക പുരസ്കാരത്തിന് അർഹനായത്**

ആഷാ മേനോൻ

---

**ഉത്തർപ്രദേശ്, ബീഹാർ, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ കർഷകർക്ക് വേണ്ടി ഫിലിപ്പൈൻസിലെ നെല്ലിനങ്ങളിൽ നിന്ന് ഗവേഷകർ വികസിപ്പിച്ചെടുത്ത പുതിയ നെല്ലിനം**

മാലവിയ മനില സിഞ്ചിത് ധാൻ-1 (MMSD)

- ബനാറസ് ഹിന്ദു സർവകലാശാലയും മനിലയിലെ ഇന്റർനാഷണൽ റൈസ് റിസർച്ച് സർവകലാശാലയും തമ്മിലുള്ള സഹകരണത്തിലൂടെയാണ് വരൾച്ചയെ പ്രതിരോധിക്കുന്നതും ഉയർന്ന വിളവ് നൽകുന്നതുമായ എംഎംഎസ്ഡി ഇനം വികസിപ്പിച്ചെടുത്തത്.

---

**ഗൂഗിൾ പുതുതായി പുറത്തിറക്കിയ, എഐ ആപ്ലിക്കേഷനുകളുടെ പ്രകടനം വേഗത്തിലാക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ള ഏഴാം തലമുറ ടെൻസർ പ്രോസസ്സിംഗ് യൂണിറ്റ് (TPU)**

അയൺവുഡ്

---

**2025 മെയിൽ ഗവേഷകർ മേഘാലയയിൽ നിന്നും കണ്ടെത്തിയ ഗുഹയിൽ വസിക്കുന്ന പുതിയ ഇനം മത്സ്യം**

ഷിസ്റ്റുറ ഡെൻസിക്ലാവ